

# Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## വാഹന മോഷ്ടാവ് പിടിയിൽ

അന്തർ സംസ്ഥാന ഇരുചക്ര വാഹന മോഷ്ടാവ് മലമ്പുഴ പോലീസിൻെറ പിടിയിലായി. ഒരു മാസത്തോളമായി ജില്ലയിലെ വിവിധയിടങ്ങളിൽ നിന്ന് ബൈക്കുകൾ മോഷണം പോയ സംഭവത്തിൽ നടത്തിയ അന്വേഷണത്തിനൊടുവിലാണ് പ്രതി വലയിലായത്. മലമ്പുഴ, ആനക്കൽ സ്വദേശി വിഷ്ണു ദാസ് വ ഃ29 ആണ് മോഷ്ടിച്ച ബൈക്കുമായി പോലീസിൻെറ പിടിയിലായത്. മണ്ണാർക്കാട്, വടക്കഞ്ചേരി , കോയമ്പത്തൂർ എന്നിവിടങ്ങളിൽ നിന്നായി 4 ബൈക്കുകളാണ് മോഷ്ടിച്ചത്. കൂടാതെ മലമ്പുഴയിൽ രാത്രി വീടിനകത്തു കയറി ഉറങ്ങിക്കിടന്നിരുന്ന സത്രീയുടെ മാല പൊട്ടിച്ച കേസ്സിനും തുമ്പായി.



### ഇരുചക്രവാഹന മോഷണം; ഒരാൾ പിടിയിൽ

പാലക്കാട് ▸ ജില്ലയിലെയും തമിഴ്നാട്ടിലെയും വിവിധ സ്ഥലങ്ങളിൽനിന്ന് ഇരുചക്രവാഹനങ്ങൾ മോഷണം പോയ കേസുകളിൽ ഒരാൾ പിടിയിലായി. മലമ്പുഴ ആനക്കൽ സ്വദേശി വിഷ്ണുദാസാണ് (29) മോഷ്ടിച്ച ബൈക്കുമായി വെള്ളിയാഴ്ച വൈകിട്ട് മലമ്പുഴയിൽനിന്ന് പിടിയിലായതെന്ന് പോലീസ് പറഞ്ഞു.

വിഷ്ണുദാസ്

ഒരുമാസത്തോളമായി വിവിധയിടങ്ങളിൽനിന്ന് ബൈക്കുകൾ മോഷണംപോയ സംഭവത്തിൽ നടത്തിയ അന്വേഷണത്തിനൊടുവിലാണ് ഇയാൾ വലയിലായതെന്ന് പോലീസ് പറയുന്നു.

മണ്ണാർക്കാട്, വടക്കഞ്ചേരി, കോയമ്പത്തൂർ എന്നിവിടങ്ങളിൽനിന്നായി നാല് ബൈക്കുകളാണ് മോഷ്ടിച്ചത്. കൂടാതെ മലമ്പുഴയിൽ രാത്രി വീടിനകത്തുകയറി ഉറങ്ങിക്കിടന്നിരുന്ന സ്ത്രീയുടെ മാലപൊട്ടിച്ച കേസിനും തുമ്പായി.

മലമ്പുഴ എസ്.എച്ച്.ഒ. ശശികുമാർ, എസ്.ഐ.മാരായ വിജയരാഘവൻ, പപ്പൻ, സീനിയർ സി.പി.ഒ.മാരായ സുജയബാബു, സത്യൻ, സി.പി.ഒ. മനീഷ്, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ എസ്.ഐ. എസ്. ജലീൽ, അബ്ദുൾസലാം, സജിറഫാൻ, ആർ. കിഷോർ, കെ. അഹമ്മദ് കബീർ, ആർ. വിനീഷ്, ആർ. രാജിദ്, എസ്. ഷമീർ എന്നിവരാണ് അന്വേഷണസംഘാംഗങ്ങൾ. വിഷ്ണുദാസിനെ കോവിഡ് പരിശോധനയ്ക്കുശേഷം കോടതിയിൽ ഹാജരാക്കി ജില്ലാജയിലിലാക്കി.

പാലക്കാട് DySP മനോജ് കുമാറിൻെറ നിർദ്ദേശ പ്രകാരം മലമ്പുഴ S.H.O ശശികുമാർ ,S. I. മാരായ വിജയരാഘവൻ, പപ്പൻ, SCPO മാരായ സുജയബാബു, സത്യൻ , CPO മനീഷ്, ഡാൻസാഫ് സ്ക്വാഡ്

അംഗങ്ങളായ S.I. .S ജലീൽ, അബ്ദുൾ സലാം  സജി റഹ്മാൻ,  R. കിഷോർ, K. അഹമ്മദ് കബീർ, R. വിനീഷ്, R. രാജീദ്, S. ഷമീർ എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.

.......................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT